**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - സർക്കാർ ഏറ്റെടുത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ പ്രൊമോഷൻ, ഗ്രേഡ്, സീനിയോറിറ്റി, ട്രാൻസ്ഫർ, മാനദണ്ഡങ്ങൾ സംബന്ധിച്ച വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ടും ജി.ഒ(എം.എസ്) 20/12/പൊവിവ ഉത്തരവ് റദ്ദു ചെയ്തും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്

സ.ഉ(കൈ) നം.132/2014/പൊവിവ തീയതി, തിരുവനന്തപുരം, 17.7.2014

---

പരാമർശം:

1. 2.1.2010 ലെ സ.ഉ.(എം.എസ്) നം.2/2010/പൊവിവ നമ്പർ ഉത്തരവ്
2. 20.1.2012 ലെ സ.ഉ.(എം.എസ്) 20/2012/പൊവിവ നമ്പർ ഉത്തരവ്
3. ഹയർസെക്കന്ററി ഡയറക്ടറുടെ 5.5.2012 ലെ എഡിസി1/4449/എച്ച്എസ്ഇ/2012, 3.5.2012 ലെ എഡിബി/30544/ജനറൽ/2011 എന്നീ നമ്പർ കത്തുകൾ
4. കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 1.10.2013 ലെ എവി 3/12481/10/ജി ഡബ്ലിയു നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്ത്/നഗരസഭാധീനതയിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാനും പ്രസ്തുത സ്കൂളുകളിൽ ജോലിചെയ്യുന്ന അംഗീകൃത അദ്ധ്യാപക/അനദ്ധ്യാപകജീവനക്കാരെ പി.എസ്.സി യുടെ അംഗീകാരത്തിന് വിധേയമായി സർക്കാർ സ്കൂൾ ജീവനക്കാരായി സർവ്വീസ് ക്രമീകരിക്കാനും പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് ടി വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ഗ്രേഡ്, ട്രാൻസ്ഫർ എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ പി.എസ്.സി യുടെ അംഗീകാരത്തോടെ നിശ്ചയിച്ച് പരാമർശം 2 മുഖേന ഉത്തരവായിരുന്നു. എന്നാൽ 20.1.2012 ലെ ഉത്തരവിൽ പഞ്ചായത്ത് ഹയർസെക്കൻഡറി സ്കൂളുകളിലെ ഹെഡ് മാസ്റ്റർ/പ്രിൻസിപ്പൽ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ചും മറ്റും വ്യക്തതയില്ലാത്തതിനാൽ ഇക്കാര്യങ്ങൾ കൂടി സ്പഷ്ടീകരിക്കുവാൻ പരാമർശം 3 ലെ കത്തുകൾ മുഖേന ഹയർസെക്കണ്ടറി ഡയറക്ടർ ആവശ്യപ്പെട്ടു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചശേഷം 20.1.2012 ലെ സർക്കാർ ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തി ആയത് ഹയർസെക്കൻഡറി അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാർക്കുകൂടി ബാധകമാക്കുവാനും നിലവിലുള്ള വ്യവസ്ഥകൾ കൂടാതെ പ്രായോഗികമായ ചില പുതിയ വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് 20.1.2012 ലെ ഉത്തരവ് ഭേദഗതി ചെയ്യാനും സർക്കാർ പി.എസ്.സി യുടെ അഭിപ്രായവും സമ്മതവും ആവശ്യപ്പെടുകയുണ്ടായി.തുടർന്ന് പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി,ഗ്രേഡ്,പ്രൊമോഷൻ, ട്രാൻസ്ഫർ, തുടങ്ങിയ മാനദണ്ഡങ്ങളിലെ ഭേദഗതി നിർദ്ദേശങ്ങൾ പരാമർശം 4 മുഖേന പി.എസ്.സി അംഗീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി 20.1.2012 ലെ

ജി.ഒ(എം.എസ്) 20/12/പൊവിവ നമ്പർ ഉത്തരവ് റദ്ദ് ചെയ്ത്കൊണ്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുണ്ടായിരുന്നതും സർക്കാർ ഏറ്റെടുത്തതുമായ സ്കൂളുകളിലെ അദ്ധ്യാപക /അനദ്ധ്യാപക ജീവനക്കാരുടെ സീനിയോറിറ്റി, പ്രൊമോഷൻ, ഗ്രേഡ്, ട്രാൻസ്ഫർ തുടങ്ങിയവ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കും വിധം ഭേദഗതി ചെയ്തു കൊണ്ടും ഉത്തരവാകുന്നു.

(a) ഒരു ജില്ലയ്ക്കുള്ളിൽ സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകൾ ഒരു കോമൺപൂളായി നിലനിർത്തുകയും പി.എസ്.സി മുഖേനയല്ലാതെ പഞ്ചായത്ത് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി അവർ സർവ്വീസിൽ പ്രവേശിച്ച തീയതി മുതൽ കണക്കാക്കി ഈ കോമൺപൂളിനായി ഒരു പ്രത്യേക സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത കോമൺപൂളിനുള്ളിലുണ്ടാകുന്ന ഒഴിവുകൾ ടി സീനിയോറിറ്റി ലിസ്റ്റ് പ്രകാരം പ്രൊമോഷൻ മുഖേന നികത്തുകയും ചെയ്യേണ്ടതാണ്. ഈ മാനദണ്ഡം ഹയർസെക്കന്ററി സ്കൂളുകൾക്കും ബാധകമായിരിക്കും.

(b) കോമൺപൂളിനുള്ളിലെ ട്രാൻസ്ഫറിനും പ്രൊമോഷനും ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുമെങ്കിലും പൂളിനുപുറത്ത് സർക്കാർ സർവ്വീസിലേയ്ക്ക് ട്രാൻസ്ഫറുകൾക്കും പ്രൊമോഷനും ഇവർക്ക് അർഹതയുണ്ടായിരിക്കുകയില്ല.

(c) കെ.പി.എസ്.സി മുഖേന തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാരെ ഈ കോമൺപൂളിൽ ഉൾപ്പെടുത്താതെ അവരുടെ അഡ്വൈസ് തീയതി മുതൽ സീനിയോറിറ്റി കണക്കാക്കി സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതും കോമൺപൂളിനു പുറത്ത് സർക്കാർ സർവ്വീസിലുണ്ടാകുന്ന പ്രൊമോഷനുകൾക്കും ട്രാൻസ്ഫറുകൾക്കും ഇവരെ പരിഗണിക്കേണ്ടതുമാണ്.

ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം ലഭിച്ചവരെ അഡ്വൈസ് തീയതി മുതൽക്ക് സീനിയോറിറ്റി നൽകി സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തേണ്ടതും ഹയർ സെക്കന്ററി അദ്ധ്യാപക തസ്തികയിൽ നേരിട്ട് പി.എസ്.സി. മുഖേനയല്ലാതെ നിയമനം ലഭിച്ചവരെ, അവർ ഹൈസ്കൂൾ/പ്രൈമറി അദ്ധ്യാപകരായി പി.എസ്.സി വഴി നിയമിക്കപ്പെട്ടവരാണെങ്കിൽ കൂടി സംസ്ഥാനതലത്തിൽ തയ്യാറാക്കുന്ന കോമൺപൂളിൽ ഉൾപ്പെടുത്തേണ്ടതുമാണ്. പി.എസ്.സി. മുഖേന നിയമനം ലഭിച്ച അദ്ധ്യാപകരുടെ റഗുലറൈസേഷനും പ്രൊബേഷൻ പ്രഖ്യാപിക്കലും നിലവിലെ പ്രത്യേക സാഹചര്യത്തിൽ ഹയർ സെക്കന്ററി ഡയറക്ടർ നിർവ്വഹിക്കേണ്ടതാണ്.

(d) കെ.പി.എസ്.സി മുഖേനയല്ലാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടു നിയമിച്ചിരുന്ന ജീവനക്കാർക്ക് അവർ കോമൺപൂളിനുപുറത്ത് സർക്കാർ സർവ്വീസിൽ പരിഗണിക്കപ്പെടാൻ (ഒരു നിശ്ചിത തീയതിയ്ക്കകം) ഓപ്ഷൻ നൽകുന്ന പക്ഷം അവരുടെ സർക്കാർ സർവ്വീസിലെ നിയമനം 2.1.2010 മുതൽക്ക് മാത്രം സീനിയോറിറ്റി കണക്കാക്കുമെന്ന ഉപാധിയിന്മേൽ അവരെ കോമൺ പൂളിനു പുറത്തുള്ള സർക്കാർ സർവ്വീസിൽ

ഉൾപ്പെടുത്തുന്നതാണ്. നിശ്ചിത തീയതിയ്ക്കകം ഓപ്ഷനുകൾ നൽകാത്തവരെ കോമൺപൂളിൽ ഉൾപ്പെടുത്തുന്നതാണ്. ടി തീയതി കഴിഞ്ഞ് നൽകുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുകയില്ല.

സർക്കാർ സർവ്വീസിൽ പരിഗണിക്കപ്പെടാൻ ഓപ്ഷൻ നൽകുന്നവരുടെ കാറ്റഗറി അടിസ്ഥാനത്തിൽ ഒരു സംയോജിത സീനിയോറിറ്റി ലിസ്റ്റ് ആദ്യം തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ പഞ്ചായത്ത് സ്കൂളിൽ നിയമനം ലഭിച്ച ഉത്തരവ് തീയതിയാണ് സീനിയോറിറ്റിക്കായി കണക്കാക്കേണ്ടത്. ഒരേ തീയതിയിൽ നിയമന ഉത്തരവ് ലഭിച്ച ഒന്നിലധികം പേരുണ്ടെങ്കിൽ അവരുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിശ്ചിയിക്കേണ്ടതാണ്. ഇപ്രകാരം inter-se seniority നിശ്ചയിച്ച് അവരെ സർക്കാർ സർവ്വീസിൽ 02/01/2010 മുതൽ സീനിയോറിറ്റി നൽകി ഉൾപ്പെടുത്തേണ്ടതാണ്. കരട് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ച് ആക്ഷേപമുണ്ടെങ്കിൽ സമർപ്പിക്കാൻ അവസരം നൽകിയ ശേഷം പ്രസ്തുത ലിസ്റ്റ് അന്തിമമാക്കുന്നതാണ്.

(e) കോമൺപൂളിനകത്തുണ്ടാകുന്ന ഒഴിവുകളിലേക്ക് ട്രാൻസ്ഫറിനോ, പ്രൊമോഷനോ പി.എസ്.സി മുഖേന നിയമിച്ചവരെ പരിഗണിക്കുന്നത് കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽനിന്നും ഈ ഒഴിവിലേയ്ക്ക് പരിഗണിക്കാൻ അപേക്ഷകരില്ലെങ്കിൽ മാത്രമായിരിക്കും.

(f) കോമൺപൂളിലേക്ക് പുതുതായി ആരെയും ഉൾപ്പെടുത്താനില്ലാത്തതുകൊണ്ട് അതിലെ ജീവനക്കാർ വിരമിക്കുന്ന ക്രമത്തിൽ പ്രസ്തുത കോമൺപൂൾ ലിസ്റ്റ് ക്രമേണ ഇല്ലാതാകുന്നതാണ്.

(g) ഒരു ജില്ലയിലെ കോമൺപൂളിൽനിന്ന് മറ്റൊരു ജില്ലയിലെ കോമൺപൂളിലേക്ക് ട്രാൻസ്ഫർ ആവശ്യമുള്ളവർക്ക് നിലവിലുള്ള ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫറിനുള്ള മാനദണ്ഡം പാലിച്ചുകൊണ്ട് ട്രാൻസ്ഫർ നൽകേണ്ടതാണ്.

(h) പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള എൽ.പി. / യു.പി. സ്കൂളുകളിലെ പ്രധാനാദ്ധ്യാപകരുടെ ഒഴിവുകൾ നികത്തേണ്ടത് ജില്ലാതല കോമൺപൂൾ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും മാത്രമാണ്. അതുപോലെ പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലെ ഒഴിവുകളും ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക/പ്രിൻസിപ്പൽ തസ്തികകളിലുള്ള ഒഴിവുകളും നികത്തേണ്ടത് അദ്ധ്യാപകരുടെ സംസ്ഥാനതല കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽനിന്നും മാത്രമാണ്. കോമൺപൂളിൽനിന്നും പ്രൊമോഷന് യോഗ്യരായ അപേക്ഷകർ ലഭ്യമല്ലെങ്കിൽ മാത്രം സർക്കാർ അദ്ധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിൽനിന്നും നിയമനം നടത്തേണ്ടതാണ്.

(i) എൽ.പി/ യു.പി / ഹൈസ്കൂൾ വിഭാഗങ്ങളിലെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത് അതാത് വിദ്യാഭ്യാസഉപഡയറക്ടർമാരും സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത് പൊതുവിദ്യാഭ്യാസ ഡയറക്ടറുമാണ്. ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക / പ്രിൻസിപ്പൽ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടത് ഹയർ സെക്കണ്ടറി ഡയറക്ടറാണ്.'

കെ.ഇ.ആറിൽ ആവശ്യമായ ഭേദഗതി പ്രത്യേകമായി വരുത്തുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ. ഷാജഹാൻ**
സെക്രട്ടറി

പൊതുവിദ്യാഭ്യാസഡയറക്ടർ, തിരുവനന്തപുരം
എല്ലാവിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർസെക്കണ്ടറി എഡ്യൂക്കേഷൻ,തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
പൊതുഭരണ(എസ്.സി) വകുപ്പ്
വിദ്യാഭ്യാസവകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
ഉദ്യോഗസ്ഥഭരണപരിഷ്കാര (ഉപദേശ-ബി) വകുപ്പ്(അനൗദ്യോഗികകുറിപ്പ് നം. 9159/ബി3/2014/ഉഭപവ പ്രകാരം)
ഡയറക്ടർ, ഐടി @ സ്കൂൾ,തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

**സെക്ഷൻഓഫീസർ**